Draft #1 of File 168617/EA 2-2/2021/EA 2 Approved by ASSISTANT REGISTRAR XI (EXAM) on 20-Jan-2022 10:21 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സർവ്വകലാശാല പരീക്ഷകൾ-റീവാല്യൂവേഷൻ പോർട്ടലിന്റെ ന്യൂനതകൾ മൂലം വിദ്യാർത്ഥികളുടെ അന്തിമ പരീക്ഷാഫലം,ബിരുദ സർട്ടിഫിക്കറ്റ് എന്നിവ വൈകുന്ന സാഹചര്യത്തിൽ, പരിഹാര നടപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് പരീക്ഷ കൺട്രോളറുടെ ചേംബറിൽ 24.11.2021 തീയതിയിൽ ചേർന്ന യോഗത്തിന്റെ ശിപാർശകൾ മഹാത്മാ ഗാന്ധി സർവ്വകലാശാല ആക്ട് 1985 ,അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം -വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരീക്ഷാ വിഭാഗം എ 2 സെക്ഷൻ**

നമ്പർ. 700/EA 2/2022/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 21.01.2022

---

*പരാമർശം:*-റീവാല്യൂവേഷൻ പോർട്ടൽ സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പരീക്ഷ കൺട്രോളറുടെ ചേംബറിൽ 24.11.2021 തീയതിയിൽ ചേർന്ന യോഗത്തിന്റെ നടപടികുറിപ്പ്.

**<u>ഉത്തരവ്</u>**

റീവാല്യൂവേഷൻ പോർട്ടലിന്റെ ന്യൂനതകൾ മൂലം വിദ്യാർത്ഥികളുടെ അന്തിമ പരീക്ഷാഫലം,ബിരുദ സർട്ടിഫിക്കറ്റ് എന്നിവ വൈകുന്ന സാഹചര്യത്തിൽ, പരിഹാര നടപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 24.11.2021- ന് രാവിലെ 11.30 മണിക്ക് പരീക്ഷ കൺട്രോളറുടെ ചേംബറിൽ ചേർന്ന ടാബുലേഷൻ/ റീവാല്യൂവേഷൻ/ സിസ്റ്റം അഡ്മിനിസ്ട്രേഷൻ വിഭാഗം ഉദ്യോഗസ്ഥരുടെ യോഗം താഴെ പറയുന്ന ശിപാർശകൾ കൈക്കൊണ്ടു

1. റീവാല്യുവേഷൻ റിസൾട്ട് പ്രസിദ്ധീകരിച്ച ശേഷം വിദ്യാർത്ഥി പോർട്ടലിൽ നിന്നും മെമ്മോ ഡൗൺലോഡ് ചെയ്ത് പഴയ മാർക്ക് ലിസ്റ്റിനൊപ്പം ടാബുലേഷൻ സെക്ഷനിൽ സമർപ്പിച്ചാൽ മാത്രമാണ് നിലവിൽ റീവാല്യുവേഷൻ മാർക്ക് വിദ്യാർത്ഥിയുടെ റിസൾട്ടിലേക്ക് കൂട്ടിച്ചേർക്കുന്നത്.ഈ പ്രക്രിയ വിദ്യാർത്ഥികളുടെ അന്തിമ പരീക്ഷാ ഫലം ഒരു പരിധി വരെ വൈകിക്കുന്നുണ്ട്. ഈ കാലതാമസം പരിഹരിക്കുന്നതിനായി മേൽ പ്രക്രിയ താഴെ പറയുന്ന പ്രകാരം പുന:ക്രമീകരിക്കേണ്ടതാണ് .

റീവാല്യുവേഷൻ റിസൾട്ട് പ്രസിദ്ധീകരിച്ചാലുടൻ റിസൾട്ടിന്റെ സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പ് റീവാല്യുവേഷൻ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ ബന്ധപ്പെട്ട ടാബുലേഷൻ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാറിന് കൈമാറുകയും ടാബുലേഷൻ വിഭാഗം ഉടനടി ടാബുലേഷൻ പോർട്ടലിൽ മാർക്ക് updation നടത്തുകയും ചെയ്യേണ്ടതാണ്. വിദ്യാർത്ഥികൾ Revaluation memo download ചെയ്ത് ടാബുലേഷൻ സെക്ഷനിൽ സമർപ്പിക്കേണ്ടതില്ല. പരീക്ഷാ ഫലത്തിൽ മാറ്റമുള്ള പക്ഷം പഴയ ഗ്രേഡ് കാർഡ് surrender ചെയ്യുന്നതിനുള്ള അറിയിപ്പ് വിദ്യാർത്ഥികൾക്ക് ടാബുലേഷൻ വിഭാഗത്തിൽ നിന്നും ലഭിക്കുന്നതാണ്.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

2. മുകളിൽ സൂചിപ്പിച്ചിരിക്കുന്ന പ്രക്രിയാപരമായ മാറ്റം പ്രാബല്യത്തിൽ വരുത്തുന്നതിന് Revaluation regulation-നിൽ നേരിയ ഭേദഗതി വരുത്തേണ്ടതാണ്.

3. പുനർമൂല്യനിർണ്ണയത്തിലൂടെ ഉയർന്ന മാർക്ക്/ ഗ്രേഡ് ലഭിക്കുന്ന വിദ്യാർത്ഥികളുടെ ഗ്രേഡ് കാർഡിലെ eligibility date അവരുടെ ആദ്യ റിസൾട്ട് പ്രഖ്യാപിച്ച തീയതി തന്നെ ആയിരിക്കേണ്ടതാണ്

4. Revaluation പ്രക്രിയ പൂർത്തിയാകുന്നതിനു മുൻപ് revaluation അപേക്ഷ റദ്ദ് ചെയ്യുന്നതിന് , വിദ്യാർത്ഥികൾ സ്വന്തം കൈപ്പടയിൽ എഴുതിയ അപേക്ഷയും, ഹാൾ ടിക്കറ്റ്, തിരിച്ചറിയൽ കാർഡ് എന്നിവയുടെ പകർപ്പുകളും ഹാജരാക്കിയാൽ മതിയാകും. ഇങ്ങനെ റദ്ദ് ചെയ്യുന്നതിനുള്ള അപേക്ഷകൾ revaluation വിഭാഗത്തിലെ അസിസ്റ്റന്റ് രജിസ്ട്രാർ തലത്തിൽ തീർപ്പ് കൽപ്പിക്കാവുന്നതാണ്. Revaluation അപേക്ഷ റദ്ദാക്കുന്ന ഘട്ടത്തിൽ തന്നെ ആ മാറ്റം ബിരുദ സർട്ടിഫിക്കറ്റിന്റെ പോർട്ടലിൽ പ്രതിഫലിക്കുകയും ബിരുദ സർട്ടിഫിക്കറ്റ് പ്രോസസ്സ് ചെയ്യുന്നതിനുള്ള തടസം മാറുകയും ചെയ്യുന്നതാണ്.

മേൽ ശിപാർശകൾ മഹാത്മാ ഗാന്ധി സർവ്വകലാശാല ആക്ട് 1985 ,അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം -വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സോണി എസ് നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 11 (പരീക്ഷ)
പരീക്ഷ കൺട്രോളർക്കു വേണ്ടി

പകർപ്പ്

1. പങ്കെടുത്ത വ്യക്തികൾ .
2.വൈസ് ചാൻസലർ / പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3.രജിസ്ട്രാർ / പരീക്ഷാ കൺട്രോളർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എമാർ
4. സി.ഇ സെക്ഷൻ / എല്ലാ ടാബുലേഷൻ സെക്ഷനുകൾ
5. ജെ .ആർ /ഡി.ആർ /എ .ആർ (എക്സാം)
6. ഇ .ജെ / എ.സി .സി I സെക്ഷനുകൾ
7.ഐ.ക്യൂ.എ.സി / കൺഡന്റ് മാനേജ്മെൻറ് സെക്ഷൻ
8. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 168617/EA 2-2/2021/EA 2 Approved by ASSISTANT REGISTRAR XI (EXAM) on 20-Jan-2022 10:21 PM - Page 2